**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2819** **13-10-2021 - ൽ മറുപടിയ്ക്ക്**

**കോവളം -ബേക്കൽ ജലപാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ** | | **Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി)** | |
| (എ) | കോവളം- ബേക്കൽ ജലപാത വികസനത്തിന്റെ പുരോഗതി വ്യക്തമാക്കാമോ; | (എ) | കോവളം മുതൽ ബേക്കൽ വരെ 616 കി. മീ. നീളത്തിലാണ് സംസ്ഥാനത്ത് പശ്ചിമതീര ജലപാത വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൽ കൊല്ലം മുതൽ കോഴിക്കോട് വരെ ദേശീയ ജലപാത NW-3യായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. കൊല്ലം മുതൽ കോട്ടപ്പുറം വരെ 168 കി.മീ. ദേശീയ ജലപാത ഗതാഗത യോഗ്യമാണ്. എന്നാൽ കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള ഭാഗത്ത് 160 കി.മീ. ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും,പൂർണ്ണ തോതിൽ ഗതാഗത യോഗ്യമാക്കുന്നതിനായി നിരവധി പാലങ്ങളും റെഗുലേറ്ററുകളും നിർദ്ദിഷ്ട മാനദണ്ഡമനുസരിച്ച് പൊളിച്ച് മാറ്റുകയോ പുതുക്കി പണിയുകയോ ചെയ്യേണ്ടതായിട്ടുണ്ട്. സംസ്ഥാന ജലപാത കോവളം മുതൽ കൊല്ലം വരെയും, കോഴിക്കോട് മുതൽ നീലേശ്വരം വരെയുമാണ്. ഇതോടൊപ്പം 1200 കി.മീ. ഓളം നീളത്തിൽ അംഗീകൃത ഫീഡർ കനാലുകളും ഉൾനാടൻ ജലഗതാഗതത്തിനായുണ്ട്. കോവളം മുതൽ കൊല്ലം വരെയുള്ള സംസ്ഥാന ജലപാത ഭാഗികമായി ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. കോഴിക്കോട് - പയ്യോളി റൂട്ടിൽ ജലപാത വികസനത്തിന് തടസ്സമായി നിലകൊള്ളുന്ന കോഴിക്കോട് പട്ടണ ത്തിന്റെ ഹൃദയ ഭാഗത്ത് കൂടി കടന്നു പോകുന്ന കനോലി കനാലിന്റെ വികസന പദ്ധതികൾക്ക് രൂപരേഖ തയ്യാറാക്കുന്നതിനായി കേരള വാട്ടർ വേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലി. (ക്വിൽ) -നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വടകര – മാഹി 17.61 കി.മീ. ഭാഗത്ത് കനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ദേശീയ ജലപാതാ നിലവാരത്തിൽ ഉൾനാടൻ ജലഗതാഗത വകുപ്പിന്റെ നേതൃത്വത്തിൽ പുരോഗമിക്കുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികൾ |

| | | | |
|---|---|---|---|
| | | | അവസാന ഘട്ടത്തിലേയ്ക്ക് എത്തിയിട്ടുണ്ട്. മാഹി മുതൽ വളപട്ടണം വരെയുള്ള 58.5 കി.മീറ്ററിൽ 26 കി.മീറ്ററിൽ കനാൽ പുതുതായി നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് അലൈൻമെന്റ് ക്രമപ്പെടുത്തൽ പ്രവൃത്തി പുരോഗ മിയ്ക്കുന്നു. നീലേശ്വരം മുതൽ ബേക്കൽ വരെയുള്ള 26 കി. മീ. ഭാഗത്ത് 20 കി. മീ. പൂർണ്ണ തോതിൽ ഗതാഗത യോഗ്യ മാണ്. എന്നാൽ 6 കി.മീ. നീളത്തിൽ പുതുതായി കനാൽ ദീർഘിപ്പിക്കേണ്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി നിലവിൽ വരുമ്പോൾ എത്ര കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ടിവരുമെന്നും അവരുടെ പുനരധിവാസം ഏതുരീതിയിൽ നടത്തുമെന്നും വ്യക്തമാക്കാമോ; | (ബി) | കോവളം മുതൽ വർക്കല വരെയുള്ള ഭാഗത്ത് ഏകദേശം 1275 ഓളം കുടുംബങ്ങളെ കുടിയൊഴിപ്പിക്കുന്നതിനും മാറ്റി പാർപ്പിക്കുന്നതിനുമായി 247.2 കോടി രൂപയുടെ പുനരധിവാസ പദ്ധതി കിഫ്ബി യുടെ ധനസഹായത്തോടെ നടപ്പിലാക്കുവാൻ സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. വടകര– മാഹി കനാൽ നിർമ്മാണവുമായി ബന്ധപ്പെട്ട് 75 ഏക്കറോളം ഭൂമി ഏറ്റെടുക്കൽ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. എന്നാൽ ടി ഭാഗത്ത് കുടിയൊഴിപ്പിക്കലോ പുനരധിവാസമോ വേണ്ടി വരുന്നില്ല. മാഹി - വളപട്ടണം കനാൽ നിർമ്മാണവുമായി ബന്ധപ്പെട്ട് കനാൽ അലൈൻമെന്റിനുള്ള കല്ലുകൾ സ്ഥാപി ക്കൽ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു. സാമൂഹ്യാഘാത പഠനം നടത്തുന്നതിന് കോഴിക്കോട് കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കുടിയൊഴിപ്പി ക്കലും പുനരധിവാസവും വേണ്ടിവരുന്നവ രുടെ വിവരങ്ങൾ ശേഖരിച്ചു വരുന്നു. നീലേശ്വരം - ബേക്കൽ കനാൽ നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രാഥമിക പ്രവർത്തനങ്ങൾ നടന്നു വരുന്നു. പ്രാഥമിക പഠനത്തിന് ശേഷം DPR തയ്യാറാക്കുന്ന മുറയ്ക്ക് മാത്രമേ കുടിയൊഴിപ്പിക്കലും പുനരധി വാസവും തീരുമാനിക്കുവാൻ കഴിയുകയുള്ളൂ. |
| (സി) | പ്രസ്തുത ജലപാതയിൽ ഗതാഗതം നടത്താൻ കഴിയുന്നത് എവിടെ മുതൽ എവിടെ വരെയാണെന്ന് വ്യക്തമാക്കാമോ; ഒന്നാംഘട്ടത്തിൽ എത്ര കിലോമീറ്റർ പൂർത്തിയാക്കി; അടുത്ത ഘട്ടത്തിൽ എത്ര ദൂരം പൂർത്തിയാക്കുമെന്ന് അറിയിക്കാമോ? | (സി) | കോവളം മുതൽ കൊല്ലം വരെ ഭാഗികവും, കൊല്ലം മുതൽ കോട്ടപ്പുറം വരെ പൂർണ്ണ തോതിലും, കോട്ടപ്പുറം മുതൽ കോഴിക്കോട് വരെ ഭാഗികവും, കോഴിക്കോട് കല്ലായി മുതൽ ഇരഞ്ഞിക്കൽ വരെയുള്ള കനോലി കനാലൊഴികെ വടകര വരെ ഭാഗിക മായും ഗതാഗത യോഗ്യമാണ്. വടകര മുതൽ മാഹി വരെ പൂർണ്ണതോതിൽ ഗതാഗത യോഗ്യമാക്കുന്ന പ്രവർത്തന ങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു. വളപട്ടണം മുതൽ നീലേശ്വരം വരെ പൂർണ്ണതോതിൽ ഗതാഗതയോഗ്യമാണ്. ഒന്നാം ഘട്ടത്തിൽ 616 കി.മീ. ദൂരമുള്ള പശ്ചിമതീര കനാലിന്റെ വിവിധ ഭാഗങ്ങ ളിലായി 520 കി.മീ. ദൂരം ഗതാഗത |

| | | | |
|---|---|---|---|
| | | | യോഗ്യമാക്കിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ പൂർണ്ണതോതിൽ സഞ്ചാരയോഗ്യമാ ക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ